നം.വൈ(2)/56496/2013/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 02.11.2017

## <u>സർക്കുലർ</u>

**വിഷയം :- പൊ.വി.- സർക്കാർ അംഗീകരിച്ച സ്കൂൾ കലോത്സവ മാന്വലിലെ ന്യൂനതകൾ പരിഹരിച്ചത് -സംബന്ധിച്ച്.**

**സൂചന :- 1. സർക്കാർ ഉത്തരവ് (കൈ) നം. 121/17 തീയതി 05/10/2017**
**2. സർക്കാർ ഉത്തരവ് (കൈ) നം 129/17 തീയതി 20/10/2017**

സംസ്ഥാന സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരിച്ചുകൊണ്ട് സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മാന്വലിൽ സംഭവിച്ച ചില ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയവ താഴെ പറയുന്ന തിരുത്തലുകൾ നടത്തി പരിഹരിച്ച് പ്രസിദ്ധപ്പെടുത്തുന്നു.

1. കാറ്റഗറി I ലെയും കാറ്റഗറി II ലെയും ചിത്രരചന (പെൻസിൽ) മത്സരവും, കാറ്റഗറി IV ലെ കാർട്ടൂൺ മത്സരവും കാറ്റഗറി IV ലെ എല്ലാ രചനാ മത്സരങ്ങളും 120 മിനിറ്റായിരിക്കും.
2. കാറ്റഗറി III ലെ വിഭാഗം 11 ലെ പൂരക്കളി, കാറ്റഗറി IV ലെ വിഭാഗം 12 ലെ പൂരക്കളി എന്നിവ 20 മിനിറ്റായിരിക്കും.
3. ജില്ലാതല അപ്പീലിലൂടെ സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥി 10000 രൂപ കെട്ടി വയ്ക്കണമെന്നത് 5000 രൂപയായി കുറച്ചു.
4. **<u>അദ്ധ്യായം 14 ലെ പൊതുനിബന്ധനകളിൽ താഴെ പറയുന്ന തിരുത്തലുകൾ വരുത്തി</u>**

എ) **ഖണ്ഡിക 8 ചെണ്ട, തായമ്പക**

അനുസാരി വാദ്യങ്ങളാകാം. എന്നാൽ കുട്ടികൾ പങ്കെടുക്കണം (രണ്ട് വട്ടം ഒരു വലംതല രണ്ട് ഇടംതല അഥവാ രണ്ട് വട്ടം രണ്ട് വലംതല ഒരു ഇടംതല)

**ബി. ഖണ്ഡിക 9**

നാടോടി നൃത്തത്തിനും സംഘനൃത്തത്തിനും അമിതമായ ആഡംബരം ഒഴിവാക്കണം.

**സി. ഖണ്ഡിക 10**

എല്ലാ നൃത്ത ഇനങ്ങൾക്കും ഓടക്കുഴൽ ഉപയോഗിക്കാവുന്നതാണ്.

**ഡി. ഖണ്ഡിക 20 മാർഗ്ഗം കളി**

മൂന്ന് മുതൽ മൂന്നര മീറ്റർ നീളമുള്ള മുണ്ടാണ് മാർഗ്ഗം കളിക്ക് ഉപയോഗിക്കേണ്ടത്.

24 ഞൊറികളുള്ള അടുക്ക് ഉണ്ടായിരിക്കണം. 14 പാദവും കളിക്കേണ്ടതില്ല.
എന്നാൽ പാദങ്ങൾ ക്രമം തെറ്റാതെ കളിക്കണം.

**ഇ. ഖണ്ഡിക -21**

നാടകമത്സരത്തിൽ നല്ല നടനും നല്ല നടിയുമായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 'എ' ഗ്രേഡിന് നൽകുന്ന സ്കോളർഷിപ്പ് നൽകുന്നതാണ്.

**എഫ്. ഖണ്ഡിക- 23**

<u>സ്കിറ്റ്</u>

ഗൗരവപൂർണ്ണമായ ആക്ഷേപഹാസ്യനാടകീയ മുഹൂർത്തത്തിന്റെ
ദൃശ്യാവിഷ്കാരമായിരിക്കണം സ്കിറ്റ്.

**പൂരക്കളിയിൽ മൂല്യ നിർണ്ണയ സൂചകങ്ങളിൽ മുൻ മാന്വലിൽ 'മുദ്ര' (20 മാർക്ക്) എന്ന് ചേർത്തിരുന്നതിന് പകരം 'മെയ്‌വഴക്കം' (20 മാർക്ക്) എന്ന് തിരുത്തിയിരിക്കുന്നു.**

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്:-

1. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
2. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
3. കരുതൽ ഫയൽ